| 21–05–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ശ്രീമത്തിൽ ഒരിക്കലും മൻമത്ത്(സ്വന്തം അഭിപ്രായം) കലർത്തരുത്, മൻമത്തിൽ നടക്കുക അർത്ഥം തന്റെ ഭാഗ്യത്തിൽ വരയിടലാണ്.**

**ചോദ്യം** – കുട്ടികൾ ബാബയിൽ നിന്ന് ഏതൊരു പ്രതീക്ഷ വെക്കരുത്?
**ഉത്തരം** – പല കുട്ടികളും പറയുന്നുണ്ട് ബാബാ ഞങ്ങളുടെ അസുഖത്തെ ഭേദമാക്കൂ, അല്പം കൃപ കാണിക്കൂ. ബാബ പറയുന്നു ഇതാണെങ്കിൽ നിങ്ങളുടെ പഴയ ശരീരമാണ്. കുറച്ച് ബുദ്ധിമുട്ടൊക്കെ ഉണ്ടാകും, ഇതിൽ ബാബക്ക് എന്ത് ചെയ്യാൻ പറ്റും. ചിലർ മരിച്ചു പോയി, പാപ്പരായി എങ്കിൽ ഇതിൽ ബാബയോട് എന്തിന് കൃപ യാചിക്കണം, ഇതാണെങ്കിൽ നിങ്ങളുടെ കർമ്മക്കണക്കാണ്. അതെ, യോഗബലത്തിലൂടെ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കുന്നു, എത്ര സാധിക്കുമോ യോഗബലത്തിലൂടെ കാര്യം നേടൂ.

**ഗീതം** – നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി...........

**ഓം ശാന്തി**. കുട്ടികൾക്ക് ഓം എന്നതിന്റെ അർത്ഥം പറഞ്ഞു തന്നിട്ടുണ്ട്. ഓം അർത്ഥം ഭഗവാൻ എന്നല്ല. ഓം അർത്ഥം അഹം, അർത്ഥം ഞാൻ. ഞാൻ ആരാണ്? ഇതെന്റെ ശരീരം. ബാബയും പറയുന്നു ഞാൻ ആത്മാവ്, പക്ഷെ ഞാൻ പരമമായ ആത്മാവാണ് അർത്ഥം പരമാത്മാവാണ്, പരംധാമ നിവാസിയായ പരംപിതാ പരമാത്മാവ്. പറയുന്നു ഞാൻ ഈ ശരീരത്തിന്റെ അധികാരിയല്ല. ഞാൻ എങ്ങനെയാണ് രചയിതാവും സംവിധായകനും അഭിനേതാവും ആകുന്നത്– ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഞാൻ തീർച്ചയായും സ്വർഗ്ഗത്തിന്റെ രചയിതാവാണ്. സത്യയുഗത്തെ രചിച്ച് തീർച്ചയായും കലിയുഗത്തിന്റെ വിനാശം ചെയ്യിക്കുകയാണ്. ഞാൻ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമായതുകാരണം ഞാൻ ചെയ്യിപ്പിക്കുന്നു. ഇതാരാണ് പറയുന്നത്? പരംപിതാ പരമാത്മാവ്. പിന്നെ പറയുന്നു ഞാൻ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. നിങ്ങൾ കുട്ടികളും ബാബയോടൊപ്പം വസിക്കുമ്പോൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരികളാണ്. അതിനെ മധുരമായ വീടെന്നും പറയുന്നു. പിന്നീടെപ്പോഴാണോ സൃഷ്ടി രചിക്കപ്പെടുന്നത് അപ്പോൾ ആദ്യം ബ്രാഹ്മണരെ രചിക്കുന്നു അവർ പിന്നീട് ദേവതയായിത്തീരുന്നു. അവർ പൂർണ്ണമായി 84 ജന്മങ്ങളെടുക്കുന്നു. ശിവബാബ സദാ പൂജ്യനാണ്. ആത്മാക്കൾക്കാണെങ്കിൽ പുനർജന്മം എടുക്കുക തന്നെ വേണം. ബാക്കി 84 ലക്ഷമൊന്നും സാധ്യമല്ല. ബാബ പറയുന്നു നിങ്ങൾ നിങ്ങളുടെ ജന്മത്തെ അറിയുന്നില്ല, ഞാൻ പറഞ്ഞു തരുന്നു. 84 ന്റെ ചക്രമെന്ന് പറയപ്പെടുന്നു. 84 ലക്ഷത്തിന്റെയല്ല. ഈ ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവായിത്തീരുന്നു. ഇപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധത്തെയും മറക്കൂ. ഇപ്പോൾ ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഏതുവരെ ഈ കാര്യം ബുദ്ധിയിൽ വരുന്നില്ലയോ അതുവരെ മനസ്സിലാകുകയില്ല. ഇത് പഴയ ശരീരം, പഴയ ലോകമാണ്. ഈ ദേഹമാണെങ്കിൽ നശിക്കുന്നതാണ്. പഴഞ്ചൊല്ലുമുണ്ട് താങ്കൾ മരിച്ചാൽ ലോകവും മരിക്കും. ഇത് പുരുഷാർത്ഥത്തിനുള്ള സംഗമത്തിന്റെ വളരെക്കുറച്ച് സമയമാണ്. കുട്ടികൾ ചോദിക്കുന്നു ബാബാ ഈ ജ്ഞാനം ഏതുവരെ ഉണ്ടാകും? ഏതുവരെ ഭാവിയിലെ ദൈവീക രാജധാനി സ്ഥാപിതമാകുന്നുവോ അതുവരെ കേൾപ്പിച്ചു കൊണ്ടിരിക്കും. പരീക്ഷ പൂർത്തിയായാൽ പിന്നെ പുതിയ ലോകത്തിലേക്ക് ട്രാൻസ്ഫറാകും. അതുവരെ ശരീരത്തിൽ എന്തെങ്കിലുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ശാരീരിക രോഗവും കർമ്മഭോഗാണ്. ബാബയുടെ ഈ ശരീരം എത്ര പ്രിയപ്പെട്ടതാണ്. എന്നിട്ടും ചുമ മുതലായവ ഉണ്ടാകുമ്പോൾ ബാബ പറയുന്നു നിങ്ങളുടെ ഈ ശരീരം പഴയതായി അതുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. ഇതിൽ ബാബ സഹായിക്കും, ഈ പ്രതീക്ഷ വെക്കരുത്. സമ്പത്ത് നഷ്ടപ്പെട്ടു, അസുഖമായി എങ്കിൽ ബാബ പറയും ഇത് നിങ്ങളുടെ തന്നെ കർമ്മ കണക്കാണ്. ങാ, എങ്കിലും യോഗത്തിലൂടെ ആയുസ്സ് വർദ്ധിക്കും, നിങ്ങൾക്ക് തന്നെയാണ് നേട്ടം. സ്വയം പ്രയത്നിക്കൂ, കൃപ യാചിക്കരുത്. ബാബയുടെ ഓർമ്മയിൽ മംഗളമുണ്ട്. എത്ര സാധിക്കുമോ യോഗബലത്തിലൂടെ കാര്യം സാധിക്കൂ. പാടാറുണ്ടല്ലോ–എന്നെ കൺപോളകളിൽ ഒളിപ്പിക്കൂ.... പ്രിയപ്പെട്ട വസ്തുവിനെ തിളങ്ങുന്ന രത്നം പ്രാണനെ പോലെ സ്നേഹമെന്ന് പറയുന്നു. ഈ ബാബയാണെങ്കിൽ അതിപ്രിയമാണ്, പക്ഷെ ഗുപ്തമാണ് അതിനാൽ പൂർണ്ണമായി സ്നേഹം നിൽക്കുന്നില്ല. ഇല്ലായെങ്കിൽ അവർക്ക് ഇത്രയും സ്നേഹമുണ്ടാവണം പറയേണ്ടതില്ല. കുട്ടികളെയാണെങ്കിൽ ബാബ കൺപോളകളിൽ ഒളിപ്പിച്ചിരിക്കുകയാണ്. കൺപോളകൾ ഈ കണ്ണൊന്നുമല്ല, ഇതാണെങ്കിൽ ബുദ്ധിയിൽ ഓർമ്മ വെക്കണം ഈ ജ്ഞാനം നമുക്ക് ആരാണ് നൽകികൊണ്ടിരിക്കുന്നത്? അതിസ്നേഹിയായ നിരാകാരനായ ബാബ, ബാബയുടെ തന്നെയാണ് മഹിമ – പതിത പാവനൻ, ജ്ഞാനത്തിന്റെ സാഗരൻ,

സുഖത്തിന്റെ സാഗരൻ, ബാബയെ പിന്നീട് സർവ്വവ്യാപിയെന്നും പറയുന്നു. അതിനാൽ പിന്നീട് ഓരോ മനുഷ്യനും ജ്ഞാനത്തിന്റെ സാഗരം, സുഖത്തിന്റെ സാഗരമാകണം. പക്ഷെ ഇല്ല, ഓരോ ആത്മാവിനും അവരവരുടെ അവിനാശിയായ പാർട്ട് ലഭിച്ചിട്ടുണ്ട്. ഇത് വളരെ ഗുപ്തമായ കാര്യങ്ങളാണ്. ആദ്യം ബാബയുടെ പരിചയം നൽകണം. പാരലൗകിക അച്ഛൻ സ്വർഗ്ഗത്തിന്റെ രചന രചിക്കുന്നു. സത്യയുഗം സത്യഖണ്ഡത്തിൽ ദേവീ ദേവതകളുടെ രാജ്യമാണ്, അത് ബാബ രചിക്കുന്ന പുതിയ ലോകമാണ്. എങ്ങനെ രചിക്കുന്നു അത് നിങ്ങൾ കുട്ടികൾക്കറിയാം. ഞാൻ വരുന്നത് തന്നെ പതിതരെ പാവനമാക്കി മാറ്റാനാണെന്ന് പറയുന്നു. അതിനാൽ പതിത സൃഷ്ടിയിൽ വന്ന് പാവനമാക്കേണ്ടതുണ്ടല്ലോ. പാടുന്നുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന. അതിനാൽ അവരുടെ മുഖത്തിലൂടെ ജ്ഞാനം കേൾപ്പിക്കുകയും ശ്രേഷ്ഠമായ കർമ്മം പഠിപ്പിക്കുകയും ചെയ്യുന്നു. കുട്ടികളോട് പറയുന്നു ഞാൻ നിങ്ങളെ ഇങ്ങനെയുള്ള കർമ്മമാണ് പഠിപ്പിക്കുന്നത് അവിടെ നിങ്ങളുടെ കർമ്മം വികർമ്മമാവുകയില്ല എന്തുകൊണ്ടെന്നാൽ മായയില്ല അതിനാൽ നിങ്ങളുടെ കർമ്മം അകർമ്മമായിത്തീരുന്നു. ഇവിടെ മായയുണ്ട് അതുകൊണ്ട് നിങ്ങളുടെ കർമ്മം വികർമ്മമായിത്തീരും. മായയുടെ രാജ്യത്തിൽ എന്തെല്ലാം ചെയ്യുന്നുവോ അത് വിപരീതമായേ ചെയ്യൂ.

ഇപ്പോൾ ബാബ പറയുന്നു എന്നിലൂടെ നിങ്ങൾ എല്ലാം അറിയുന്നു. മറ്റുള്ളവർ സാധന മുതലായവ ചെയ്യുന്നു – പരമാത്മാവിനെ കാണുന്നതിന് വേണ്ടി അനേക പ്രകാരത്തിലുള്ള ഹഠയോഗം മുതലായവ പഠിപ്പിക്കുന്നു. ഇവിടെ ഇത്രമാത്രം ഒരു ബാബയെ ഓർമ്മിക്കണം. മുഖത്തിലൂടെ ശിവ-ശിവ എന്ന് പോലും പറയേണ്ടതില്ല. ഇത് ബുദ്ധിയുടെ യാത്രയാണ്. എത്ര ഓർമ്മിക്കുന്നുവോ അത്രയും മാലയുടെ മുത്തായി മാറും, ബാബയുടെ സമീപത്ത് വരും. ശിവബാബയുടെ കഴുത്തിലെ മാലയാവുക അഥവാ രുദ്രമാലയിൽ അടുത്ത് വരുക, അതിന്റെ മത്സരമാണ്. ചാർട്ട് വെക്കുകയാണെങ്കിൽ അവസാനം സദ്ഗതിയുണ്ടാവും. ദേഹം പോലും ഓർമ്മ വരില്ല, അങ്ങനെയുള്ള അവസ്ഥയുണ്ടാവണം.

ബാബ പറയുന്നു ഇപ്പോൾ നിങ്ങൾക്ക് വജ്ര സമാനമായ ജന്മം ലഭിച്ചിരിക്കുന്നു. അതിനാൽ എന്റെ ഓമന കുട്ടികളെ, നിദ്രയെ ജയിച്ച കുട്ടികളെ, കുറഞ്ഞത് 8 മണിക്കൂർ എന്റെ ഓർമ്മയിലിരിക്കൂ. ഇപ്പോൾ ആ അവസ്ഥ വന്നിട്ടില്ല. ചാർട്ട് വെക്കൂ നമ്മൾ മുഴുവൻ ദിവസത്തിൽ എത്ര സമയം ഓർമ്മയുടെ യാത്രയിൽ നടക്കുന്നു. എവിടെയും നിൽക്കുന്നില്ലല്ലോ. ബാബയെ ഓർമ്മിക്കുന്നതിലൂടെ സമ്പത്തും ബുദ്ധിയിലിരിക്കും. പ്രവൃത്തി മാർഗ്ഗമാണല്ലോ. നമ്പർവൺ ആണ് ബാബ സ്ഥാപിച്ച സ്വർഗ്ഗത്തിലെ ദേവീ ദേവതാ ധർമ്മം. ബാബ രാജയോഗം പഠിപ്പിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു, പിന്നീട് ഈ ജ്ഞാനം പ്രായലോപമായി പോകുന്നു. അപ്പോൾ പിന്നെ ഈ ജ്ഞാനം ശാസ്ത്രങ്ങളിൽ എവിടെ നിന്ന് വന്നു? രാമായണം മുതലായവ പിന്നീട് ഉണ്ടാക്കിയതാണ്. മുഴുവൻ ലോകവും ലങ്കയാണ്. രാവണന്റെ രാജ്യമാണല്ലോ. വാനരനെ പോലെയുള്ള മനുഷ്യരെ പവിത്രമായ ക്ഷേത്രത്തിന് യോഗ്യരാക്കി മാറ്റി രാവണരാജ്യം നശിപ്പിക്കുന്നു. സദ്ഗതി ദാതാവായ ബാബ സദ്ഗതിക്ക് വേണ്ടി ജ്ഞാനം നൽകുന്നു. അവർക്ക് അവസാനം സദ്ഗതി ചെയ്യണം.

ബാബയിപ്പോൾ പറയുകയാണ്, കുട്ടികളെ ബാക്കി എല്ലാം ഉപേക്ഷിച്ച് എന്നിൽ നിന്ന് മാത്രം കേൾക്കൂ. ഞാൻ ആരാണ്, ആദ്യം ഈ നിശ്ചയം വേണം. ഞാൻ നിങ്ങളുടെ അതേ അച്ഛനാണ്. ഞാൻ നിങ്ങൾക്ക് വീണ്ടും എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം കേൾപ്പിക്കുകയാണ്. ഈ ജ്ഞാനമാണെങ്കിൽ ബാബ സന്മുഖത്ത് നൽകുകയാണ്. പിന്നീടാണെങ്കിൽ വിനാശമുണ്ടാകുന്നു. പിന്നീട് ദ്വാപരയുഗത്തിൽ അന്വേഷിക്കുമ്പോൾ അതേ ഗീതാ ശാസ്ത്രം മുതലായവ വരുന്നു. ഈ ജ്ഞാനമാണെങ്കിൽ ഇവിടെ തന്നെ ഇല്ലാതാകുന്നു. പിന്നീട് അന്വേഷിക്കുമ്പോൾ ഇതേ ശാസ്ത്രം മുതലായവ കൈയ്യിൽ വരുന്നു, അതിനാൽ ഇതിനെ അനാദിയെന്ന് പറയുന്നു. ദ്വാപരത്തിൽ എല്ലാം അതേ ശാസ്ത്രം തന്നെയാണ് വരുന്നത്. അപ്പോൾ ഞാൻ വന്ന് വീണ്ടും എല്ലാത്തിന്റെയും സാരം കേൾപ്പിക്കുന്നു, പിന്നീട് അത് തന്നെ ആവർത്തിക്കും. ചിലർ ആവർത്തനത്തെ അംഗീകരിക്കുന്നു, ചിലർ എന്താണെന്ന് ചോദിക്കുന്നു. അനേകം അഭിപ്രായങ്ങളാണ്. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ, വേറെ ആർക്കും അറിയാൻ പറ്റില്ല. അവരാണെങ്കിലോ കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമുണ്ടെന്ന് പറയുന്നു. ഇങ്ങനെയും ഒരുപാട് പേർ പറയുന്നുണ്ട് മഹാഭാരത യുദ്ധത്തിന് 5000 വർഷമായി. ഇത് വീണ്ടും അതേ യുദ്ധമാണ്. അപ്പോൾ തീർച്ചയായും ഗീതയുടെ ഭഗവാൻ ഉണ്ടാകുമല്ലോ! അഥവാ കൃഷ്ണനാണെങ്കിൽ പിന്നെ മയിൽപീലി ധരിച്ചതാവണം. കൃഷ്ണനാണെങ്കിൽ സത്യയുഗത്തിലാണുള്ളത്. അതേ കൃഷ്ണൻ ഇപ്പോൾ ഉണ്ടാവുക സാധ്യമല്ല. കൃഷ്ണന്റെ അടുത്ത ജന്മത്തിൽ പോലും അതേ കല ഉണ്ടാവില്ല. 16 കലയിൽ നിന്ന് 14 കലയായി മാറണം അതിനാൽ ഓരോ ജന്മത്തിലും കുറച്ച്-കുറച്ച് വ്യത്യാസം ഉണ്ടാകുമല്ലോ. ഇങ്ങനെ മയിൽപീലി ധരിച്ച ഒരുപാട് പേരുണ്ട്. കൃഷ്ണൻ ആദ്യ നമ്പർ 16 കലാ

സമ്പൂർണ്ണനാണ്, കൃഷ്ണന് പുനർജന്മത്തിലൂടെ അൽപാൽപം കല കുറഞ്ഞ് വരുന്നു. ഇത് വളരെ ഗുഹ്യമായ രഹസ്യമാണ്.

ബാബ പറയുന്നു, കറങ്ങി നടന്ന് സമയം നഷ്ടപ്പെടുത്തരുത്. ഇത് സമ്പാദിക്കേണ്ട സമയമാണ്. ആരുടെയടുത്താണോ ഒരുപാട് ധനമുള്ളത് അവരാണെങ്കിൽ മനസ്സിലാക്കുന്നു നമുക്ക് വേണ്ടി ഇത് തന്നെയാണ് സ്വർഗ്ഗം, ബാബ പറയുന്നു ഇത് സ്വർഗ്ഗമാണെങ്കിൽ നിങ്ങൾക്ക് ആശംസകൾ. ബാബയാണെങ്കിൽ പാവങ്ങളുടെ നാഥനാണ്. പാവങ്ങൾക്ക് ദാനം നൽകണം. പാവങ്ങൾക്ക് സമർപ്പണമാവുക എന്നത് സഹജമാണ്. ഓ, വിരളമായി ചില സമ്പന്നരും വരുന്നു. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ദേഹത്തിന്റെ ബോധവും ഉപേക്ഷിക്കണം. ഈ ലോകം തന്നെ ഇല്ലാതാവണം, പിന്നീട് നമ്മൾ ബാബയുടെ കൂടെ തിരിച്ച് പോകും. സൃഷ്ടി പുതിയതാകും. ചിലർ അഡ്വാൻസായും പോകും. ശ്രീകൃഷ്ണന്റെ അച്ഛനും അമ്മയും അഡ്വാൻസിൽ പോകണം, അവർ പിന്നീട് കൃഷ്ണനെ മടിയിൽ വെക്കും. കൃഷ്ണനിലൂടെ തന്നെയാണ് സത്യയുഗം ആരംഭിക്കുന്നത്. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്. ഇതാണെങ്കിൽ വിവേകത്തിന്റെ കാര്യമാണ് – ആര് അച്ഛനും അമ്മയുമാകും? ആരാണ് സെക്കന്റ് നമ്പറിൽ വരാൻ യോഗ്യർ. സേവനത്തിലൂടെയും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഭാഗ്യത്തിലൂടെയും ചിലർ കുതിച്ച് ചാടി മുന്നോട്ട് പോകുന്നു. ഇങ്ങനെ സംഭവിച്ചു കൊണ്ടിരിക്കുന്നു, അവസാനം വന്ന ഒരുപാട് പേര് ഒന്നാന്തരം സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികളാണ് രൂപ്, ബസന്ത്. ബാബയേയും ബസന്ത് എന്ന് പറയുന്നു. നക്ഷത്രമാണ്, ഇത്ര വലുതൊന്നുമല്ല. പരം ആത്മാവ് അർത്ഥം പരമാത്മാവ്. ആത്മാവിന്റെ രൂപം വലുതൊന്നുമല്ല. എന്നാൽ മനുഷ്യർ എവിടെയും ആശയക്കുഴപ്പത്തിൽ വരരുത് അതിനാൽ ഇത്രയും വലിയ രൂപം കാണിച്ചിരിക്കുന്നു. ശിവബാബ ഉയർന്നതിലും ഉയർന്നതാണ്. പിന്നീടാണ് ബ്രഹ്മാ–വിഷ്ണു–ശങ്കരൻ. ബ്രഹ്മാവും വ്യക്തത്തിൽ നിന്ന് അവ്യക്തമാകുന്നു വേറെ ഒരു ചിത്രവുമില്ല. ലക്ഷ്മീ നാരായണൻ വിഷ്ണുവിന്റെ രണ്ട് രൂപമാകുന്നു. ശങ്കരന്റെ പാർട്ട് സൂക്ഷ്മവതനം വരെ മാത്രമാണ്. ഇവിടെ സ്ഥൂല വതനത്തിൽ വന്ന് പാർട്ടഭിനയിക്കുന്നില്ല, പാർവതിക്ക് അമരകഥ കേൾപ്പിക്കുന്നുമില്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കഥകളാണ്. ഈ ശാസ്ത്രം വീണ്ടും വരും. അതിൽ ആട്ടയിൽ ഉപ്പ് പോലെ മാത്രമേ സത്യമായിട്ടുള്ളൂ. ശ്രീമത് ഭഗവത് ഗീത എന്ന വാക്ക് ശരിയാണ്. പിന്നെ ശ്രീകൃഷ്ണ ഭഗവാൻ എന്ന് പറയുന്നു.... ഇത് തികച്ചും തെറ്റാണ്. ദേവതകളുടെ മഹിമ വേറെയാണ്, ഉയർന്നതിലും ഉയർന്നത് പരംപിതാ പരമാത്മാവാണ്. ആരെയാണോ എല്ലാവരും ഓർമ്മിക്കുന്നത്, അവരുടെ മഹിമ വേറെയാണ്. എല്ലാവരും ഒരുപോലെ എങ്ങനെ ആവാൻ പറ്റും. സർവ്വ വ്യാപിയുടെ അർത്ഥം തന്നെ വരുന്നില്ല.

നിങ്ങൾ ആത്മീയ വിമോചന സേനയാണ്, പക്ഷെ ഗുപ്തമാണ്. സ്ഥൂലമായ ഹത്യയൊന്നും ഉണ്ടാവുകയില്ല. ഇത് ജ്ഞാനത്തിന്റെ ബാണം, ജ്ഞാനത്തിന്റെ കഠാരയുടെ കാര്യമാണ്. പരിശ്രമമുണ്ട്, പവിത്രതയിൽ. ബാബയോട് പൂർണ്ണമായ പ്രതിജ്ഞ ചെയ്യണം. ബാബാ ഞങ്ങൾ പവിത്രമായി മാറി തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്തെടുക്കും. സമ്പത്ത് കുട്ടികൾക്ക് തന്നെയാണ് ലഭിക്കുന്നത്. ബാബ വന്ന് ആശിർവദിക്കുന്നു, മായാ രാവണനാണെങ്കിലോ ശപിക്കുന്നു. അതിനാൽ ഇങ്ങനെയുള്ള അതി സ്നേഹിയായ ബാബയോട് എത്ര സ്നേഹമുണ്ടാവണം. കുട്ടികളുടെ നിഷ്കാമ സേവനം ചെയ്യുന്നു. പതിതമായ ലോകം, പതിതമായ ശരീരത്തിൽ വന്ന് നിങ്ങൾ കുട്ടികളെ വജ്ര സമാനമാക്കി മാറ്റി നിർവ്വാണ ധാമത്തിൽ പോയിരിക്കുന്നു. ഈ സമയം നിങ്ങൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ് അതിനാൽ ബാബ വന്നിരിക്കുകയാണ് എല്ലാവരുടെയും ജ്യോതി തെളിയുമ്പോൾ എല്ലാവരും മധുരമായിത്തീരുന്നു. ബാബയെ പോലെ മധുരമായി മാറണം. പാടാറുണ്ടല്ലോ – എത്ര മധുരം എത്ര സ്നേഹം..... എന്നാൽ ബാബ എത്ര നിരഹങ്കാരിയായാണ് നിങ്ങൾ കുട്ടികളുടെ സേവനം ചെയ്യുന്നത്. നിങ്ങൾ കുട്ടികൾക്കും ഇത്രയും തിരിച്ച് സേവനം ചെയ്യണം. ഈ ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റിയാണെങ്കിൽ ഓരോ വീട്ടിലുമുണ്ടാവണം. ഓരോ വീട്ടിലും ക്ഷേത്രമുണ്ടാക്കുന്നതുപോലെ. നിങ്ങൾ പെൺകുട്ടികൾ ശ്രീമതത്തിലൂടെ 21 ജന്മത്തേക്ക് ആരോഗ്യവും സമ്പത്തും നൽകുന്നു. നിങ്ങൾ കുട്ടികൾക്കും ശ്രീമതത്തിലൂടെ നടക്കണം. എവിടെയെങ്കിലും തന്റെ അഭിപ്രായം കാണിക്കുകയാണെങ്കിൽ ഭാഗ്യത്തിൽ വരയിടുകയാണ്. ആർക്കും ദു:ഖം കൊടുക്കരുത്. എപ്രകാരമാണോ മഹാരഥി കുട്ടികൾ സേവനം ചെയ്തു കൊണ്ടിരിക്കുന്നത് അപ്രകാരം ഫോളോ ചെയ്യണം. സിംഹാസനസ്ഥരാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബക്ക് സമാനം നിരഹങ്കാരിയായി മാറി സേവനം ചെയ്യണം. ബാബയുടെ ഏത് സേവനമാണോ എടുത്തുകൊണ്ടിരിക്കുന്നത് അതിന് ഹൃദയം കൊണ്ട് റിട്ടേൺ നൽകണം, വളരെ മധുരമായി മാറണം.

2. കറങ്ങി നടന്ന് തന്റെ സമയം നഷ്ടപ്പെടുത്തരുത്.. ശിവബാബയുടെ കഴുത്തിലെ മാലയാകുന്നതിന് വേണ്ടി മത്സരിക്കണം. ദേഹം പോലും ഓർമ്മ വരരുത്.... ഇതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം:- ഡ്രാമയുടെ ഓരോ രഹസ്യങ്ങളെയും അറിഞ്ഞ് സദാ സന്തുഷ്ടരും സൗമ്യ ശീലരുമായി കഴിയുന്ന സമ്പൂർണ്ണ ജ്ഞാനി, ത്രികാല ദർശികളായി ഭവിക്കട്ടെ.

സമ്പൂർണ്ണ ജ്ഞാനി, ത്രികാല ദർശികളായ കുട്ടികൾ ഒരിക്കലും ദ്വേഷ്യപ്പെടുകയില്ല. ആരെങ്കിലും ചീത്ത പറഞ്ഞാലും അവഹേളിച്ചാലും സൗമ്യതയോടെയിരിക്കും, എന്തുകൊണ്ടെന്നാൽ ഡ്രാമയുടെ ഓരോ രഹസ്യവും അറിയുന്നവർ ദ്വേഷ്യപ്പെടുകയില്ല. രഹസ്യം അറിയാത്തവരാണ് ദ്വേഷ്യപ്പെടുന്നത്. അതിനാൽ സദാ ഇതോർമ്മിക്കൂ, അതായത് ഭഗവാനായ അച്ഛന്റെ സന്താനമായിട്ടും സൗമ്യനാകുന്നില്ലെങ്കിൽ പിന്നെ എപ്പോൾ ആകും? അതിനാൽ ആരാണോ ഇപ്പോൾ സന്തുഷ്ടരും സൗമ്യരുമായിട്ടുള്ളത് അവർ തന്നെയാണ് ബാബക്ക് സമീപത്തും സമാനരുമാകുന്നത്.

## സ്ലോഗൻ:- ആരാണോ വ്യർത്ഥത്തിനോട് നിരപരാധി(ഇന്നസെന്റ്)യായിരിക്കുന്നത് അവർ തന്നെയാണ് മഹാത്മാവ്(സെയിന്റ്).